REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 24-05-2026** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- **വികസിത് ഭാരത് ഗ്യാരണ്ടി ഫോർ റോസ്ഗാർ ആന്റ് ആജിവിക മിഷൻ നിയമത്തിന്റെ കരട് ചട്ടങ്ങൾ കേന്ദ്ര ഗവണ്മെന്റ് പ്രസിദ്ധീകരിച്ചു.**
- **സംസ്ഥാനത്തെ IAS ഉദ്യോഗസ്ഥ തലത്തിൽ വൻ അഴിച്ചുപണി.**
- **മഴയ്ക്ക് മുമ്പ് കേരളത്തിലെ നെല്ല് സംഭരണം പൂർത്തിയാക്കുമെന്ന് കൃഷി മന്ത്രി T. സിദ്ദീഖ്.**
- **സംസ്ഥാനത്ത് ബുധനാഴ്ച വരെ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.**
- **ഹജ്ജ് കർമ്മങ്ങൾക്ക് നാളെ മിനായിൽ തുടക്കമാകും.**

## വാർത്തകൾ വിശദമായി

വികസിത് ഭാരത് ഗ്യാരണ്ടി ഫോർ റോസ്ഗാർ ആന്റ് ആജീവികാ മിഷൻ (ഗ്രാമീൺ) നിയമം -2025 ന്റെ കരട് ചട്ടങ്ങൾ ഗവണ്മെന്റ് പ്രസിദ്ധീകരിച്ചു. വിപുലമായ പൊതുജനാഭിപ്രായവും, കൂടിയാലോചനയും ലക്ഷ്യമിട്ടാണ് നടപടി. വ്യക്തികൾക്കും, സംഘടനകൾക്കും, പ്രസ്ഥാനങ്ങൾക്കും നിയമങ്ങളെപ്പറ്റി നിർദ്ദേശങ്ങളും, പ്രതികരണങ്ങളും സമർപ്പിക്കാമെന്ന് ഗ്രാമവികസന മന്ത്രാലയം ന്യൂഡൽഹിയിൽ അറിയിച്ചു. ജൂൺ 20 വരെ അഭിപ്രായങ്ങളും, നിർദ്ദേശങ്ങളും നൽകാം.

ഡെസ്ക്ക് റിപ്പോർട്ട്

.....(വോയ്സ്).....

20 വർഷം മുമ്പ് നടപ്പാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിനു പകരം കൊണ്ടുവന്ന നിയമമാണ് വികസിത് ഭാരത് G - RAM - G ആക്ട്. ഒരു സാമ്പത്തിക വർഷം 125 തൊഴിൽദിനങ്ങൾ നിയമപരമായി ഉറപ്പുനൽകുന്ന പദ്ധതിയാണിത്. പദ്ധതി നടപ്പാക്കുന്നതിനെക്കുറിച്ചും, ദേശീയതല സ്റ്റിയറിംഗ് കമ്മിറ്റി, ഗ്രാമീണ തൊഴിലുറപ്പ് കൗൺസിൽ, ഭരണ ചെലവ്, പരാതി പരിഹാരം എന്നിവയുമായി ബന്ധപ്പെട്ട നിയമങ്ങൾ ജനങ്ങളുമായി കൂടിയാലോചിക്കാനാണ് ഗവണ്മെന്റ് ഉദ്ദേശിക്കുന്നത്. സമയബന്ധിതവും, സുതാര്യവും, വിശ്വസനീയവുമായ വേതന വിതരണം പദ്ധതി ഉറപ്പാക്കുന്നു. നിശ്ചിത ദിവസങ്ങൾ തൊഴിൽ നൽകാൻ കഴിയാതെ വന്നാൽ തൊഴിലില്ലായ്മ വേതനം നൽകാനും പദ്ധതി വ്യവസ്ഥ ചെയ്യുന്നു. ജൂലൈ ഒന്ന് മുതൽ നിയമം പ്രാബല്യത്തിൽ വരുത്താനാണ് ഗവണ്മെന്റ് ശ്രമിക്കുന്നത്.

✪✪✪

ഇന്ന് ലോക സ്കീസോഫ്രീനിയ ദിനം. ലോകത്തെ ഏറ്റവും സങ്കീർണമായ മാനസിക രോഗങ്ങളിലൊന്നാണ് സ്കീസോഫ്രീനിയ. യാഥാർത്ഥ്യം കാണാനും, ചിന്തിക്കാനും, അതിനോട് പ്രതികരിക്കാനും കഴിയാതെ വരുന്ന മാനസിക പ്രശ്നമാണ് പ്രധാന രോഗലക്ഷണം. ഭ്രമാത്മകതയും, മിഥ്യാധാരണയും, ക്രമരഹിതമായ സംസാരവും രോഗബാധിതരിൽ ഉണ്ടാകാം. ലോകത്തെ ഏറ്റവും തെറ്റിദ്ധരിക്കപ്പെടുന്ന രോഗങ്ങളിൽ ഒന്നാണിത്. ജനിതക പാരമ്പര്യത്തിന്റെയും, ചുറ്റുപാടുകളുടെയും സ്വാധീനമാണ് പലപ്പോഴും രോഗത്തിന് കാരണമാകുമെന്ന് കരുതുന്നത്.

കോഴിക്കോട്ട് വിവിധ സംഘടനകളുടെ നേതൃത്വത്തിൽ വൈകിട്ട് ബീച്ച് ഫ്രീഡം സ്ക്വയറിൽ പൊതുജന ബോധവത്ക്കരണ പരിപാടി ദിനാചരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ചിട്ടുണ്ട്. ആകാശ കാഴ്ചയെന്ന പേരിൽ പ്രധാന കേന്ദ്രങ്ങളിൽ തെരുവു നാടകവും അവതരിപ്പിക്കും.

✪✪✪

സംസ്ഥാനത്തെ IAS ഉദ്യോഗസ്ഥ തലത്തിൽ ഗവണ്മെന്റ് വൻ അഴിച്ചുപണി നടത്തി. കണ്ണൂർ കളക്ടർ ഉൾപ്പെടെ ആറ് ജില്ലകളിലെ കളക്ടർമാരെ മാറ്റി.

ചീഫ് ഇലക്ട്രൽ ഓഫീസർ രത്തൻ ഖേൽക്കറെ മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയായി നിയമിച്ചു. ഗതാഗത വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയായിരുന്ന PB നൂഹിനെ GST കമ്മീഷണറായി മാറ്റി നിയമിക്കുകയും ചെയ്തു. GST കമ്മീഷണറായിരുന്ന പാട്ടീൽ അജിത് ഭഗവത് റാവുവിനെ ധനവകുപ്പ്

സെക്രട്ടറിയാക്കി. ആലപ്പുഴ ജില്ലാ കളക്ടർ K ഇമ്പശേഖർ ആണ് വാട്ടർ അതോറിറ്റിയുടെ പുതിയ മാനേജിംഗ് ഡയറക്ടർ.

ന്യൂസ് ഡെസ്‌ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

....(വോയ്‌സ്).............

കൊച്ചിൻ സ്മാർട്ട് മിഷന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫിസർ ഷാജി V. നായരാണ് പുതിയ ആലപ്പുഴ കളക്ടർ. കണ്ണൂർ കളക്ടർ അരുൺ K. വിജയനെ വ്യവസായ വകുപ്പ് ഡയറക്ടറാക്കി. KSIDC മാനേജിങ് ഡയറക്ടറുടെ ചുമതലയും അദ്ദേഹത്തിന് നൽകിയിട്ടുണ്ട്. വ്യവസായ വകുപ്പ് ഡയറക്ടർ ആയിരുന്ന P.വിഷ്ണുരാജിനെ കണ്ണൂരിൽ കളക്ടറായി നിയമിച്ചു.

കോഴിക്കോട് കളക്ടർ സ്നേഹിൽ കുമാർ സിങ്ങാണ് പുതിയ പ്രവേശന പരീക്ഷാ കമ്മീഷണർ. പാലക്കാട് ജില്ലാ കളക്ടർ ആയിരുന്ന M.S മാധവിക്കുട്ടിയെ കോഴിക്കോട് കളക്ടറാക്കി. കോളീജിയറ്റ് എജുക്കേഷൻ ഡയറക്ടർ K. സുധീറിനെ പകരം പാലക്കാട്ട് നിയമിച്ചു. പത്തനംതിട്ട കളക്ടർ S. പ്രേം കൃഷ്ണൻ ആരോഗ്യവകുപ്പ് ജോയിന്റ് സെക്രട്ടറിയായി. കില ഡയറക്ടർ A നിസാമുദ്ദീനാണ് പത്തനംതിട്ടയിലെ പുതിയ കളക്ടർ. കൊല്ലം കളക്ടർ N ദേവിദാസിനെ കിലയുടെ ഡയറക്ടറായും നിയമിച്ചു.

വ്യവസായ വകുപ്പ് ജോയിന്റ് സെക്രട്ടറി ആനി ജൂല തോമസ് ആണ്, പുതിയ കൊല്ലം ജില്ലാ കളക്ടർ. ആലപ്പുഴ സബ് കളക്ടർ സമീർ കിഷനെ വ്യവസായ വകുപ്പിൽ ഡപ്യൂട്ടി സെക്രട്ടറിയായി നിയമിച്ചു. ആകെ 14 സിവിൽ സർവീസ് ഉദ്യോഗസ്ഥരെയാണ് മാറ്റിയത്.

എല്ലാവരും തിങ്കളാഴ്ച്ച ചുമതല ഏൽക്കണമെന്ന് ഉത്തരവിൽ നിർദ്ദേശമുണ്ട്.

✪✪✪

മഴയ്ക്ക് മുമ്പ് കേരളത്തിലെ നെല്ല് സംഭരണം പൂർത്തിയാക്കുമെന്ന് കൃഷി മന്ത്രി T. സിദ്ദീഖ് കോഴിക്കോട്ട് പറഞ്ഞു. കൊയ്തെടുത്ത നെല്ലും, കൊയ്യാനിരിക്കുന്ന നെല്ലും പൂർണമായി സംഭരിക്കാൻ നിർദേശം നൽകിയിട്ടുണ്ട്. ഓരോ ദിവസത്തെയും സംഭരണം അവലോകനം ചെയ്ത് PRS നൽകുന്നതിലെ കാലാതാമസം ഒഴിവാക്കും. കർഷകർക്ക് നൽകേണ്ട തുക കാലതാമസമില്ലാതെ നൽകുമെന്നും മന്ത്രി പറഞ്ഞു.

താമരശ്ശേരി ചുരത്തിലെ ഗതാഗതകുരുക്ക് ഒഴിവാക്കാനും, വന്യമൃഗശല്യം പരിഹരിക്കാനും, നഷ്ടപരിഹാരം നൽകാനും അനുകൂല നടപടിയുണ്ടാകുമെന്നും T സിദ്ദീഖ് അറിയിച്ചു.

വയനാട് ടൗൺഷിപ്പ് പദ്ധതി സംബന്ധിച്ച് മന്ത്രിസഭാ ഉപസമിതി യോഗം ഉടൻ ചേരുമെന്ന് മന്ത്രി കല്പറ്റയിലെ സ്വീകരണ പരിപാടിയിൽ പറഞ്ഞു. സമ്പൂർണ്ണ പുന:രധിവാസമാണ് ഗവണ്മെന്റ് ലക്ഷ്യമിടുന്നതെന്നും, അതിന് കർമ്മ പദ്ധതി തയ്യാറാക്കുമെന്നും സിദ്ദിഖ് വ്യക്തമാക്കി.

✪✪✪

അട്ടപ്പാടി അടക്കം ആദിവാസി മേഖലകളിൽ ഉന്നതികളിലെ പ്രശ്നങ്ങൾ പഠിക്കാൻ ഉന്നതതല യോഗം വിളിച്ചിട്ടുണ്ടെന്ന് പട്ടികജാതി - പട്ടികവർഗ്ഗ-പിന്നാക്ക ക്ഷേമ മന്ത്രി K.A തുളസി പറഞ്ഞു. മന്ത്രി ആയ ശേഷം ആദ്യമായി പാലക്കാട് ജില്ലയിലെത്തിയ K.A. തുളസിക്ക് ഒലവക്കോട് റയിൽവെ സ്റ്റേഷനിൽ കോൺഗ്രസ്സ് പ്രവർത്തകർ സ്വീകരണം നൽകി. മന്ത്രി N ഷംസുദ്ദീന് മണ്ണാർക്കാട്ടും UDF പ്രവർത്തകർ സ്വീകരണം നൽകി.

✪✪✪

സിൽവർ ലൈൻ പദ്ധതിക്ക് ഭൂമി ഏറ്റെടുക്കാൻ നൽകിയിരുന്ന അനുമതി റദ്ദാക്കി റവന്യൂ വകുപ്പ് ഉത്തരവിറക്കി. ഭൂമിയിൽ സ്ഥാപിച്ചിരുന്ന അതിർ അടയാള കല്ലുകൾ ഇനി നീക്കം ചെയ്യാം. സാമൂഹ്യ പ്രത്യാഘാത പഠനമടക്കം ഗവണ്മെന്റ് പുറത്തിറക്കിയ എല്ലാ ഉത്തരവുകളും റദ്ദാക്കിയിട്ടുണ്ട്.

✪✪✪

രണ്ടാം വർഷ ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി പരീക്ഷാ ഫലം ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് മൂന്നിന് മന്ത്രി N ഷംസുദ്ദീൻ പ്രഖ്യാപിക്കും. ഔദ്യോഗിക വെബ്സൈറ്റുകളിൽ ഫലം ലഭ്യമാകും.

പുതിയ അധ്യയന വർഷത്തെ പ്ലസ് വൺ അപേക്ഷാ സമർപ്പണം നാളെ തുടങ്ങും. ഓൺലൈൻ വഴിയാണ് അപേക്ഷിക്കേണ്ടത്. ഹയർസെക്കന്ററിയിൽ നിലവിൽ മൂന്നു ലക്ഷത്തി 61,044 സീറ്റുണ്ട്. വൊക്കേഷണൽ ഹയർ സെക്കന്ററിക്ക് 33,000 സീറ്റുകളും, പോളിടെക്നിക്കുകളിലും ITI കളിലുമായി 30,545 സീറ്റുകളുമുണ്ട്.

✪✪✪

CBSE പന്ത്രണ്ടാം ക്ലാസ് പരീക്ഷയുടെ ഉത്തരക്കടലാസ് സ്കാൻ പകർപ്പ് ലഭിക്കാൻ ഇന്നു കൂടി അപേക്ഷിക്കാം. ഉത്തരക്കടലാസുകളുടെ പകർപ്പ് ലഭിച്ച ശേഷം പുനർ മൂല്യനിർണ്ണയത്തിന് അപേക്ഷിക്കാൻ വിദ്യാർത്ഥികൾക്ക് രണ്ട് ദിവസത്തെ സമയം നൽകിയതായും CBSE അറിയിച്ചു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്ത് ഈ മാസം 31-ന്. പരിപാടിയിലേക്ക് ആശയങ്ങളും അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ, നമോ ആപ്പ്, My gov ഓപ്പൺ ഫോറം  എന്നിവ വഴിയോ  29 വരെ സമർപ്പിക്കാം.

✪✪✪

ഹജ്ജ് കർമ്മങ്ങൾക്ക് നാളെ മിനായിൽ തുടക്കമാകും. ലോകത്തിന്റെ വിവിധ ഇടങ്ങളിൽ നിന്നെത്തിയ ലക്ഷക്കണക്കിന് തീർത്ഥാടകർ  വൈകീട്ട് മുതൽ പുണ്യ നഗരിയായ മിനായിലേക്ക് യാത്ര തുടങ്ങും. നാളെ ഉച്ചയ്ക്ക് 12 മണിക്കു മുമ്പ് മുഴുവൻ തീർത്ഥാടകരും മിനായിലെ കൂടാരങ്ങളിൽ താമസിക്കുന്നതോടെ ഹജ്ജിന് ഔപചാരിക തുടക്കമാകും.

നാളെ ഉച്ച മുതൽ മറ്റന്നാൾ പുലർച്ചെ വരെ തീർത്ഥാടകർ കൂടാരങ്ങളിലാണ് കഴിയുന്നത്. ഹജ്ജ് കർമ്മത്തിലെ സുപ്രധാന ചടങ്ങായ അറഫാ സംഗമത്തിന് ചൊവാഴ്ച പുലർച്ചെയോടെ തീർത്ഥാടകർ  മൈതാനിയിലേക്ക്  നീങ്ങും.

വിദേശ തീർത്ഥാടകർ ഉൾപ്പടെ 18 ലക്ഷത്തോളം പേരാണ് ഹജ്ജ് കർമ്മത്തിന് എത്തിയിരിക്കുന്നത്.

✪✪✪

സംസ്ഥാനത്ത് ബുധനാഴ്ച വരെ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇന്ന് ആറ് ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകി. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, തൃശൂർ ജില്ലകളിലാണ് ജാഗ്രതാ നിർദ്ദേശം.

കേരള - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മണിക്കൂറിൽ 60 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും  നിർദ്ദേശമുണ്ട്.

✪✪✪

കാസർകോട് നെല്ലിക്കുന്ന് ബീച്ചിന്റെ മനോഹാരിത ലോകത്തെ പരിചയപ്പെടുത്താൻ ജില്ലാ ഭരണകൂടം സംഘടിപ്പിക്കുന്ന കാസർകോട് ബീച്ച് റൺ ഇന്ന്.

കാസർകോട്ട് നിന്ന് P ജഗന്നിവാസൻ.

......(വോയ്സ്)................

✪✪✪

IPL ക്രിക്കറ്റിൽ പഞ്ചാബ് കിങ്സ്, ലക്നൗ സൂപ്പർ ജയന്റ്സിനെ ഏഴു വിക്കറ്റിന് തോൽപ്പിച്ചു. ലക്നൗ ഏക്നാ ക്രിക്കറ്റ് സ്റ്റേഡിയത്തിലായിരുന്നു മത്സരം.

ഇന്ന് രണ്ട് മത്സരങ്ങളുണ്ട്. ആദ്യമാച്ചിൽ മുംബൈ ഇന്ത്യൻസ്, രാജസ്ഥാൻ റോയൽസിനെ നേരിടും. മുംബൈ വാങ്കഡെ സ്റ്റേഡിയത്തിൽ വൈകിട്ട് മൂന്നരയ്ക്കാണ് മത്സരം.

രണ്ടാം മാച്ചിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്, ഡൽഹി ക്യാപിറ്റൽസിനെ നേരിടും. കൊൽക്കത്ത ഈഡൻ ഗാർഡൻസിൽ വൈകിട്ട് ഏഴരയ്ക്ക് മത്സരം ആരംഭിക്കും.

✪✪✪

കേരള കളരിപ്പയറ്റ് അസോസിയേഷന്റെ 68-ാമത് തിരുവനന്തപുരം ജില്ലാ ചാമ്പ്യൻഷിപ്പ് ഗതാഗത മന്ത്രി CP ജോൺ ഉദ്ഘാടനം ചെയ്തു. തനത് ആയോധന കലകളെ പരിപോഷിപ്പിക്കുമെന്നും യുവതലമുറയുടെ ആരോഗ്യത്തിനും ആത്മവിശ്വാസത്തിനും കളരിപ്പയറ്റ് പ്രയോജനപ്പെടുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

✪✪✪

കേരള ക്രിക്കറ്റ് അസോസിയേഷൻ അന്തർ ജില്ലാ അണ്ടർ 19 വനിതാ ക്രിക്കറ്റ് ടൂർണ്ണമെന്റിൽ പത്തനംതിട്ടയെ തോൽപ്പിച്ച് തിരുവനന്തപുരം തെക്കൻ മേഖലയിൽ ഒന്നാം സ്ഥാനക്കാരായി. പത്തനംതിട്ടയെ അഞ്ച് വിക്കറ്റിനാണ് അവർ തകർത്തത്. ആലപ്പുഴയ്ക്കാണ് രണ്ടാം സ്ഥാനം.

✪✪✪

പ്രതിഷ്ഠാ ദിന പൂജകൾക്കായി ശബരിമലയിൽ നാളെ വൈകിട്ട് അഞ്ചിന് നട തുറക്കും. പ്രതിഷ്ഠാദിനാഘോഷത്തിനു ശേഷം ചൊവ്വാഴ്ച രാത്രി 10 ന് നട അടക്കും.

✪✪✪

പാലക്കാട് ജില്ലയിലെ നെല്ല് സംഭരണത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കൃഷിമന്ത്രിക്കും ധനകാര്യ സെക്രട്ടറിക്കും മുഖ്യമന്ത്രി VD സതീശൻ നിർദ്ദേശം നൽകിയതായി സുമേഷ് അച്ചുതൻ MLA അറിയിച്ചു. MLA നൽകിയ നിവേദനത്തെ തുടർന്നാണ് മുഖ്യമന്ത്രിയുടെ ഇടപെടൽ.

✪✪✪

പേരാമ്പ്ര ചെറുവണ്ണൂരിൽ ഓടിക്കൊണ്ടിരുന്ന കാറിന് തീപിടിച്ച് പൊള്ളലേറ്റ് ചികിൽസയിലായിരുന്ന ചെറുവണ്ണൂർ കക്കറമുക്ക് പൂവത്തും ചാലിൽ റജിൻ

ലാലും മരിച്ചു. റജിൻലാലിന്റെ ഭാര്യ സോന അപകട ദിവസം തന്നെ മരിച്ചിരുന്നു.

✪✪✪

തിരുവനന്തപുരം നഗരസഭയുടെ 101 വാർഡുകളിലും റോഡരികിലെ അനധികൃത കേബിളുകൾ നീക്കം ചെയ്യാൻ പദ്ധതി തയ്യാറാക്കി. ടാഗ് ചെയ്യാത്ത മുഴുവൻ കേബിളുകളും സമയ ബന്ധിതമായി നീക്കം ചെയ്യും.

✪✪✪

---

.

***News Editor : വികെ സുരേഷ്***
***News Reader: അനിൽ ചന്ദ്രൻ***
***News Team: അനുഷ ആത്മപ്രകാശ്, ഫസ്ന ഫാത്തിമ***
***DEO: ഷീബ***